| 280600401-Prior Period Expenses-Recovery Of Unutilised Grants To Govt. | 19162 |

## 1-24 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-25 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും (മൊത്തം ആസ്തി മൂല്യം -36702447) പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-26 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2019-20 വർഷത്തെ Income And Expenditure പത്രിക പ്രകാരം 4233149/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-27 സ്റ്റോക്ക് രജിസ്റ്ററിലെ ന്യൂനതകൾ

എ. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 74260/- രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളു. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

ബി. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

## 1-28 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3020083/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4426622/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-29 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ -തത്തുല്യമായ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് ഇല്ല-

## അപ്രോപ്രിയേഷൻ കൺട്രോൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

എ. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1. | 320700104 | Contribution For J.V.P(C.E)-From BP | 253635 | 450650109 | Treasury STSB-J.V | 530957 |
| 2. | 320700204 | Contribution For J.V.P(R.E)-From BP | 554217 | | | |
| 3. | 320700205 | Contribution For J.V.P(R.E)-From DP | 14500 | | | |
| | | | 822352 | | | |
| മറ്റ് ഹെഡ്ഡുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | | | | | | |

ബി. താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450410103 | SBT-Distress Relief Fund | 360291 |
| 2 | 450410104 | SBI-Salary A/C | 3132281 |
| 3 | 450410106 | SBI-Life Loan | 300000 |
| 4 | 450430101 | TDCB-MNCo-Operative Bank-SF-1 | 774137 |
| 5 | 450430102 | PSCB Ltd EMSCo-Operative Bank-SF-2 | 13898 |

## 1-30 Capital Work In Progress - വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

31.03.2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 493458/- രൂപയാണ്. എന്നാൽ ഇത് കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-31 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല

31.03.2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ്

31.03.2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-32 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം. | പ്രോജക്ട് | വൗച്ചർ നമ്പർ/ ബിൽ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 113/20 ഗോപിനാഥൻ റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 16/26.10.2020 | 140100/- | 252100101-Energy-Electrification Of Street Lights- General | 460500202-Advance To Implementing Agencies-KSEB |

മേൽ പ്രകാരം വികസനഫണ്ട്/ (മെയിന്റനൻസ് ഗ്രാന്റ് ഒഴികെ മറ്റ് ഗ്രാന്റുകൾ)ൽ നിന്നും നല്കിയ മേൽ തുകകൾ 31/3/2020 ൽ ചെലവഴിക്കാത്തതിനാൽ ആയത് B-4 Grants And Contribution For Specific Purpose എന്ന ഷെഡ്യൂളിൽ അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-33 വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

330500201 –Secured Loans – Loan From KURDFC ലെഡ്ജർ പ്രകാരം വായ്പ ഇനത്തിൽ തൻവർഷം 1227988/- രൂപ തിരിച്ചടക്കുകയും 31.03.2020 ൽ 9098817/- രൂപ തിരിച്ചടക്കാൻ ബാക്കിയുമുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് 2021-22 ൽ ചേർക്കേണ്ടതാണ്. കൂടാതെ പ്രൊജക്ട് നം. 242/20 {ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് തുക - പൊതുവിഭാഗം – സ.ഉ. (സാധാ) നം. 6105/2019/ധനം തീയതി 01.08.2019 പ്രകാരം 286765/- രൂപയും സ.ഉ. (സാധാ) നം. 10050/2019/ധനം തീയതി 21.12.2019 പ്രകാരം 286764/- രൂപയുമാണ്. ആകെ 573529/- രൂപ} പ്രകാരം Deduction തുക 573529/- രൂപയാണ്. എന്നാൽ Ledger പ്രകാരം 1007400/- തെറ്റായി കുറവ് ചെയ്തിരിക്കുന്നു. (Vr.നം.41900313/31.03.20).
മേൽ ഉത്തരവുകൾ പ്രകാരം 2018-19 അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക 1007400/- രൂപയാണ്. എന്നാൽ ലെഡ്ജർ പ്രകാരം (251420201- Anganwadi Related Services- General) എന്ന ശീർഷകത്തിൽ 573529/- രൂപയാണ് ചെലവ് രേഖപ്പെടുത്തിയത്.
മേൽ അപാകതകൾ 2021-22 ൽ ക്രമീകരിക്കേണ്ടതാണ്.

## 1-34 മുൻകൂർ നൽകുന്ന തുകകൾ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ക്രമീകരിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കുന്നില്ല

2019-20 വർഷത്തിൽ മുൻകൂറായി കൊടുത്തിട്ടുള്ള താഴെപ്പറയുന്ന തുകകൾ അഡ്വാൻസ് രജിസ്റ്റർ/ Advance To

Implementing Officer (460500501) ലെഡ്ജർ പ്രകാരം 2019-20, 2020-21 വർഷങ്ങളിൽ ക്രമീകരിച്ചതായി കാണുന്നില്ല.

| ക്രമനം. | വൗച്ചർ നമ്പർ. / തീയതി | തുക | മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1. | 21900358/ 07.08.2019 | 45000/- | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 2. | 21900359/ 07.08.2019 | 30000/- | വെറ്ററിനറി സർജൻ |
| 3. | 21900297/ 20.07.2019 | 60000/- | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 4. | 21900298/ 20.07.2019 | 78000/- | ഹെഡ് മിസ്ട്രസ്സ്, ജി.യു.പി.എസ്. |
| 5. | 21900751/ 20.11.2019 | 25000/- | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി (പാലിയേറ്റീവ്) |
| 6. | 21900816/ 07.12.2019 | 70000/- | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 7. | 21900899/ 24.12.2019 | 33000/- | സെക്രട്ടറി (ഇനി ഞാൻ ഒഴുകട്ടെ പദ്ധതി) |
| 8. | 21900926/ 31.12.2019 | 10000/- | സെക്രട്ടറി(ഇനി ഞാൻ ഒഴുകട്ടെ പദ്ധതി) |
| 9. | 21901010/ 17.02.2020 | 10000/- | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി (പോളിയോ) |
| 10. | 21901312/ 12.03.2020 | 25000/- | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |

മേൽ ബില്ലുകളിൽ മെഡിക്കൽ ഓഫീസർ, ആയുർവ്വേദം 2019-20 വർഷത്തിൽ 25679/- രൂപയുടെയും 2020-21 വർഷത്തിൽ 19321/- രൂപയുടെയും (ആകെ 45000/-) വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ടി മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല. മറ്റ് മുൻകൂറുകളുടെ വൗച്ചറുകളും ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ടോയെന്ന ഓഡിറ്റ് എൻക്വയറി (2/10.12.2021) യ്ക്ക് മറുപടി ലഭിച്ചില്ല. മേൽ നല്കിയ മുൻകൂറുകൾ വൗച്ചറുകൾ, ധനവിനിയോഗസാക്ഷ്യ പത്രങ്ങൾ എന്നിവ ലഭ്യമാക്കി ക്രമീകരിക്കേണ്ടതും മൂന്ന് മാസങ്ങൾക്കകം ക്രമീകരിക്കാത്ത തുക കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99, സ.ഉ.(അ) നമ്പർ. 419/11 തീയതി 04.10.2011 എന്നിവ പ്രകാരം 18 % പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 1-35 ക്രമവത്ക്കരണത്തിന്റെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 95 (3) പ്രകാരം രാജിയാക്കൽ ഫീസ് ലഭിക്കുകയും ഉപാധികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അനുസരിക്കുകയും ചെയ്യുന്നതിന്മേൽ അനുബന്ധം G1 ലെ പോലെ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അനുബന്ധം G2 വിലെ പോലെ ഒരു മാതൃകാ രജിസ്റ്ററിൽ അതിന്റെ വിശദ വിവരങ്ങൾ രേഖപ്പെടുത്തി ഒരു സ്ഥിര രേഖയായി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പരിശോധിച്ച ഫയലുകളിൽ കെട്ടിടനിർമ്മാണം ക്രമവത്കരിച്ചതിന്റെ ഉത്തരവ് സൂക്ഷിച്ചിട്ടില്ല. കൂടാതെ ക്രമവത്കരണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി (24 /16.12.2021)

## 1-36 പാരാ മെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനം 2019-20 വർഷത്തെ പാരാ മെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | സ്ഥാപന ഉടമ | വർഷം |
|---|---|---|---|
| 1 | ആയുർവ്വേദ ക്ലിനിക് & ഔഷധ വിൽപ്പന | സ്മിത.കെ.കെ., തുഷാരഗിരി, കാരയിൽ ഹൗസ്, മലപ്പുറം | 2019-20 |

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ സെക്ഷൻ 270, 1997-ലെ സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും രജിസ്ട്രേഷൻ പുതുക്കാതെയും ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ മെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 11/13-12-2021).

## 1-37 ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 20(3) പ്രകാരം പൂർത്തീകരണ റിപ്പോർട്ട് ലഭിച്ചതിനുശേഷം നിർമാണമോ കൂട്ടിച്ചേർക്കലോ പെർമിറ്റ് അനുസരിച്ചാണെന്ന് ബോധ്യപ്പെട്ടാൽ 15 ദിവസത്തിനു മുമ്പായി അനുബന്ധം F2 ഫോറത്തിൽ ഒക്യുപൻസി സർട്ടിഫിക്കറ്റും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്ലാനിന്റെ പകർപ്പും നൽകേണ്ടതാണ്. എന്നാൽ ഫയലുകളിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയതിന്റെ രേഖകളില്ല. ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി (24 /16.12.2021)

## 1-38 തൊഴിൽ നികുതി പിരിക്കാത്തതു സംബന്ധിച്ച്

2019-20-ലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുമായി ഒത്തു നോക്കുമ്പോൾ തൊഴിൽ നികുതി പിരിച്ചതായി കാണുന്നില്ല. സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | നാസ് എന്റർപ്രൈസസ്, പെരിഞ്ഞനം | 6 |
| 2 | ടിപ് ടോപ്പ് സിമന്റ് ബ്രിക്സ് | 5 |
| 3 | പ്രൈം ഡക്കർ ഫർണിച്ചർ വില്പന | 4 |
| 4 | സൺടോപ്പ് സോഫ്റ്റ് ഡ്രിങ്ക്സ് | 7 |
| 5 | എ.ടി.ആർ. ബേക്കേഴ്സ് & ഫുഡ് പ്രൊഡക്ട്സ് | 13 |
| 6 | സിമെന്റ്സ് ബ്രിക്സ് | 4 |
| 7 | ദേവൂസ് സ്റ്റിച്ചിങ്ങ് | 9 |
| 8 | ലക്കി സ്റ്റാർ ഹോട്ടൽ, പെരിഞ്ഞനം | 6 |
| 9 | വിതയത്തിൽ പ്രസ്സ് | 8 |
| 10 | എസ്.കെ.സർവ്വീസ് സ്റ്റേഷൻ | 5 |
| 11 | എം.എസ്.സ്നാക്ക്സ് | 4 |
| 12 | സീമാ ബ്രിക്സ്, മൂന്നുപീടിക, പെരിഞ്ഞനം | 4 |

| | | |
|---|---|---|
| 13 | കിബ്രോ ഔട്ട്ഫിറ്റേഴ്സ് | 5 |
| 14 | വെൽത്തി ബേക്കേഴ്സ് | 4 |
| 15 | ഒമേഗ എന്റർപ്രൈസസ് | 12 |
| 16 | ലൈഫ് കെയർ സേവന മെഡിക്കൽസ് | 4 |
| 17 | ബാലസുധ ആയുർവേദിക്സ് | 7 |
| 18 | ഐശ്വര്യ ഫ്ളവർ മിൽ | 4 |
| 19 | ഷറന്ദസ്സ് ഫുഡ് പ്രൊഡക്ട്സ് | 5 |
| 20 | ബാലകൃഷ്ണ ഫ്യുവൽസ് | 8 |
| 21 | ഇമ ബ്യൂട്ടി പാർലർ | 4 |
| 22 | കുന്നത്ത് ഫാൽക്കൺ | 4 |
| 23 | നക്ഷത്ര ഫുഡ് പ്രൊഡക്ട്സ് | 8 |
| 24 | രേഖ സ്റ്റീൽ ഫർണിച്ചർ ഇൻഡസ്ട്രീസ് | 4 |
| 25 | ക്വാളിറ്റി ഹോട്ടൽ | 4 |
| 26 | കളേഴ്സ് പ്രിന്റിങ്ങ് പ്രസ്സ് | 4 |
| 27 | അൽസുവ ബേക്കേഴ്സ് | 8 |
| 28 | കാരയിൽ സെന്റർ ഫോർ ആയുർവേദ തെറാപ്പീസ് | 4 |
| 29 | സസ്യ ഫെർട്ടിലൈസേഴ്സ് | 4 |
| 30 | ജോസ് വസ്ത്രാലയ | 9 |
| 31 | സെൻട്രൽ സ്പെഷ്യാലിറ്റി ഡയഗ്നോസ്റ്റിക് സെന്റർ | 4 |
| 32 | അവിയൽ റെസ്റ്റോറന്റ് | 10 |
| 33 | കൊടുങ്ങല്ലൂർ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് | 9 |
| 34 | മുബാറക് ഫാമിലി റെസ്റ്റോറന്റ് & കാറ്ററിങ്ങ് സർവ്വീസ് | 8 |
| 35 | എം.എസ്.സ്നാക്ക്സ് & ഫുഡ് പ്രൊഡക്ട്സ് | 5 |
| 36 | ഷീ ബോട്ടിക് | 4 |
| 37 | ജെ.എൻ.ജെ. മെൻസ് ഗ്യാലറി (മെൻസ് വെയർ ഷോപ്പ്) | 4 |
| 38 | ലാമിയ സിൽക്സ് | 5 |
| 39 | മിസ് മാനിക്വിൻ | 5 |
| 40 | ചമ്മിണിയിൽ ഫിഷ് മാർക്കറ്റ് | 5 |

എൻക്വയറി നമ്പർ 5/13.12.2021 പ്രകാരം അന്വേഷണക്കുറിപ്പ് നൽകിയതിൽ തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി അടപ്പിക്കുന്നതായിരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-39 രാജിയാക്കൽ ഫീസ് കുറവായി ഈടാക്കി - കുറവ് വന്ന തുക ഈടാക്കേണ്ടതാണ്

20.11.2019 ലെ 201//RD1//2019/LSGD നമ്പർ സർക്കുലർ പ്രകാരം 07.11.2019 ന് മുൻപ് സമർപ്പിച്ച പ്ലാനുകൾ റിവൈസ്

ചെയ്ത് മടക്കി നൽകിയത് പുനർ സമർപ്പിക്കുമ്പോൾ വിസ്തീർണം അധികരിക്കുന്നില്ലാത്ത കേസുകളിൽ പഴയ ചട്ടങ്ങൾ [കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2011] ബാധകമാകുന്നതാണ്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം (4) പ്രകാരം രാജിയാക്കൽ ഫീസ്, പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്. എന്നാൽ താഴെപ്പറയുന്ന ഫയലുകൾ പരിശോധിച്ചതിൽ കെട്ടിട നിർമ്മാണം ക്രമവത്കരിച്ചപ്പോൾ പഴയ നിരക്കിലുള്ള പെർമിറ്റ് ഫീസിന് ആനുപാതികമായാണ് രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | ഫയൽ നം | കെട്ടിട ഉടമയുടെ പേര്/ വിനിയോഗത്തിന്റെ തരം | അപേക്ഷാ തീയതി | ക്രമവത്കരിച്ച തറവിസ്തീർണം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 1. | A3/114/2020 | ആദിത്ത് ആലയിൽ/A1 റെസിഡൻഷ്യൽ | 23.01.2020 | 160.08 ച.മീ. | 160.08 * 5 * 2 = 1601/- | 160.08 * 7 * 2 = 2241/- | 640/- |
| 2. | A3/1255/2020 | അഷ്ഫക് കോനത്ത് ഹൗസ്/ A1 റെസിഡൻഷ്യൽ | 17.02.2020 | 134.58ച.മീ. | 134.58*3*2 = 808/- | 134.58*3.5*2 = 942 | 134/- |
| | | | | | | | 774/- |

07.11.2019 ന് ശേഷം 31.03.2021 വരെ ലെഡ്ജർ പ്രകാരം ക്രമവത്കരണ ഫീസ് 20 വ്യക്തികളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ക്രമവത്കരണ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ എല്ലാ കെട്ടിടങ്ങളുടെയും കുറവ് വന്ന ഫീസിന്റെ വിശദാംശങ്ങൾ കണക്കാക്കാൻ സാധിച്ചിട്ടില്ല. ആയതു പരിശോധിച്ച് കുറവായി ഈടാക്കിയ രാജിയാക്കൽ ഫീസ് ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 243(2) പ്രകാരം പഞ്ചായത്തിന് കിട്ടേണ്ട തുക ലഭിക്കുന്നതിന് സെക്രട്ടറി നോട്ടീസ് നൽകേണ്ടതും കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി (24 /16.12.2021)

## 1-40 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2019-20 വർഷം വി.ഇ.ഒ. (പെരിഞ്ഞനം സർക്കിൾ) നടപ്പിലാക്കിയ PMAY പഞ്ചായത്ത് വിഹിതം എന്ന പദ്ധതി (നം. S0055/20) പ്രകാരം 140000/- രൂപ (ബിൽ.നം. 01/19-20/09.12.2019) മതിലകം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. 09.12.21-ലെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 70000/- രൂപ മാത്രമാണ് ചെലവ് കാണിച്ചിട്ടുള്ളത്. ബാക്കി 70000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 22/16.12.2021)

## 1-41 മോട്ടോർ സൈക്കിളും ഐസ് ബോക്സും:- വിശദാംശങ്ങൾ ലഭ്യമല്ല

2019-20 വർഷത്തെ ചെലവ് വൗച്ചർ പരിശോധനയിൽ താഴെ പറയുന്ന വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

| വൗച്ചർ നം./ ചെക്ക് നം. | തുക | ഇനം | ലഭ്യമാക്കേണ്ട വിവരങ്ങൾ |
|---|---|---|---|
| 21900382/21.08.2019 | 25985 | 2018-19 ൽ ഉൾപ്പെട്ട മത്സ്യതൊഴിലാളികൾക്ക് മോട്ടോർ സൈക്കിളും ഐസ് ബോക്സും എന്ന പദ്ധതിക്കായി ഗുണഭോക്തൃ | തുക തിരികെ നൽകിയപ്പോൾ പദ്ധതിക്കായി വാങ്ങിയ മോട്ടോർ സൈക്കിളും ഐസ് ബോക്സും എന്ത് ചെയ്തു |

| | | | | |
|---|---|---|---|---|
| | | | വിഹിതമായി ശ്രീ. ഉണ്ണികൃഷ്ണൻ പള്ളത്ത്, ശ്രീ. രഞ്ചിത്ത് രാമത്ത് എന്നിവർ അടവാക്കിയ തുക മോട്ടോർ സൈക്കിളുകളുടെ ഇൻഷ്വറൻസ് തുക അടയ്ക്കുവാൻ സാധിക്കാത്തതിനാൽ തിരികെ നൽകിയിട്ടുണ്ട്. | എന്ന് വ്യക്തമാക്കേണ്ടതാണ്. |

(ഓഡിറ്റ് എൻക്വയറി നം. 28/17.12.2021)

## 1-42 രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഫിഷറീസ് ഇൻസ്പെക്ടർ

2019-20 വർഷത്തിൽ ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾ സംബന്ധിച്ച് ഫയലുകളോ അനുബന്ധരേഖകളോ ഹാജരാക്കിയിട്ടില്ല.

പദ്ധതി നമ്പർ - 173/20 (മത്സ്യ വില്പനക്കായി മോട്ടോർ സൈക്കിളും ഐസ് ബോക്സും)

അടങ്കൽ - 4,20,000/-(2,10,000/- വികസനഫണ്ട് -പൊതുവിഭാഗം, 2,10,000/- (ഗുണഭോക്തൃ വിഹിതം))

ചെലവ് - 259625/- (1,29,700/- വികസനഫണ്ട് -പൊതുവിഭാഗം, 1,29,925/- (ഗുണഭോക്തൃ വിഹിതം))
വൗച്ചർ നമ്പർ –21900553/08.08.2019, തുക –129700/-

ഫയലുകളും അനുബന്ധരേഖകളും ഹാജരാക്കുന്നതു വരെ ചെലവു തുകയായ 259625/- രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി (13 /14.12.2021)

## 1-43 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക | വൗച്ചർ നം/ ബിൽ നമ്പർ/ തീയതി | റിമാർക്സ് | പരാമർശം |
|---|---|---|---|---|---|
| 114/ 19-20 കാൻ തൃശ്ശൂർ വിഹിതം നല്കൽ | 75,000/ | 75,000/- | 21900656/ 21.10.2019 14/ 26.10.2019 | ക്യാൻസർ രോഗനിർണ്ണയവും തുടർ ചികിത്സാ സംവിധാനങ്ങളും സമഗ്രമായി ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട്. തുക ജില്ലാ പഞ്ചായത്തിന് കൈമാറി | തുക എപ്രകാരം വിനിയോഗിച്ചു എന്നത് സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. സംയുക്ത കരാറിലേർപ്പെട്ടിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. |
| 97/20- ഓണപ്പറമ്പ് സബ്സെന്ററിന് കുടിവെള്ള കണക്ഷൻ | 19,000/- | 19,000/- | 21901297/ 11.02.2020 36/ 25.02.2020 | ഓണപ്പറമ്പ് സബ്സെന്ററിന് കുടിവെള്ള കണക്ഷൻ- PH ഇരിങ്ങാലക്കുട | കരാർ, ധനവിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ, പണി |

| | | | | | |
|---|---|---|---|---|---|
| | | | | ഡിവിഷന് തുക കൈമാറി | പൂർത്തീകരിച്ചതിന്റെ KWA റിപ്പോർട്ട് എന്നിവ ഇല്ല. ആയത് ലഭ്യമാക്കേണ്ടതാണ്. |
| 113/20-ഗോപിനാഥൻ റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 140100/- | 140100/- | 21900658/ 23.10.2019 16/26.10.2020 | ഗോപിനാഥൻ റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | KSEB പെരിഞ്ഞനം സെക്ഷന് തുക കൈമാറി. കരാർ, ധനവിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ, പണി പൂർത്തീകരിച്ചതിന്റെ KSEB റിപ്പോർട്ട് എന്നിവ ഇല്ല. ആയത് ലഭ്യമാക്കേണ്ടതാണ്. |
| 232/20-അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | 60,000/- | 60,000/- (50,000+ 10,000) | 21901291/ 24.01.20 | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ- PH ഇരിങ്ങാലക്കുട ഡിവിഷന് തുക കൈമാറി | കരാർ, ധനവിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ, പണി പൂർത്തീകരിച്ചതിന്റെ KWA റിപ്പോർട്ട് എന്നിവ ഇല്ല. ആയത് ലഭ്യമാക്കേണ്ടതാണ്. |
| 237/20 രജിസ്ട്രേഷൻ ചെലവ് | 37428/- | 37428/- | 21900363/ 16.08.2019 | സർവ്വേ നമ്പർ. 329/81 | ടി സ്ഥലങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 249/20 രജിസ്ട്രേഷൻ ചെലവ് | 63404/- | 63404/- | 21900600/ 15.01.19 തുക – 49044/- 14390 – വൗച്ചർ നം. ലഭ്യമല്ല | <u>സർവ്വേ നമ്പർ.</u> 271/4A 29/1 64/18 64/19-1 75/3-4 64/19 286/6A | |

കൂടാതെ വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-44 പത്താംതരം തുല്യത പരീക്ഷ ഫീസ് - പരീക്ഷയെഴുതിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല</u>

നിർവ്വഹണോദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്, ജി. യു. പി. എസ്, പെരിഞ്ഞനം
പ്രോജക്ട് നം.70/20

വൗച്ചർ നം. തീ. – 21901327/25.03.20 –8800/-
–21901326/25.03.20 –7000/-

വകയിരുത്തിയ തുക – 25000/-, വികസന ഫണ്ട്

പത്താംതരം തുല്യതാ പരീക്ഷ ഫീസ് ഇനത്തിൽ 4 വിദ്യാർത്ഥികൾക്ക് 1750/- രൂപ വീതം 7000/- രൂപയും, പ്ലസ് ടു തുല്യത പരീക്ഷാഫീസിനത്തിൽ 4 വിദ്യാർത്ഥികൾക്ക് 2200/- രൂപ വീതം 8800/- രൂപയും കൂടി 15800/- രൂപ കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. വിദ്യാർത്ഥികൾ പരീക്ഷയെഴുതിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി രേഖകൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
(ഓഡിറ്റ് അന്വേഷണം നം. 18/15.12.21)

## 1-45 രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് – രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്, ജി. യു. പി. എസ്, പെരിഞ്ഞനം
പ്രോജക്റ്റ് നം. 73/20

വൗച്ചർ നം. 21901125/05.02.20

വകയിരുത്തിയ തുക - 25000/-, തനത് ഫണ്ട്

ചെക്ക് നം. 182988/06.02.20 –25000/-

രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് പദ്ധതി പ്രകാരം 6 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ സുൽത്താന ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ചക്കരപ്പാടം എന്ന ക്ലബ്ബ് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ക്ലബ്ബ് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. മേൽ അപാകത ചൂണ്ടിക്കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/15.11.21) മറുപടിയായി രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-46 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ –മെഡിക്കൽ ഓഫീസർ, സി. എച്ച്. സി, പെരിഞ്ഞനം
തൻവർഷം താഴെ പറയും പ്രകാരമുള്ള തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം/പേര് | വൗച്ചർ നം. തീ | തുക |
|---|---|---|---|
| 1 | 158/20, ആർദ്രം. | 21900973/28.12.19 | 39953/ |
| 2 | 159/20, ഫിറ്റ്നെസ്സ് എക്യുപ്മെന്റ്സ് ഫോർ വുമൺ ഹെൽത്ത് ക്ലബ്ബ് | 21901285/06.01.20 | 5108/ |
| | | | 45061 |

രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക 45061/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി – 29/17.12.21)

## 1-47 മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും

സാമ്പത്തികവർഷം 83 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ കോവിഡ് സാഹചര്യം മൂലം 31 പ്രൊജക്റ്റുകൾ മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. 37.35% പ്രൊജക്റ്റുകളാണ് പൂർത്തീകരിച്ചിട്ടുള്ളത്. മൊത്തം 37464546 രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 1107409 രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ 29.65% തുകയാണ് ചെലവാക്കിയിട്ടുള്ളത്. പദ്ധതി പ്രവർത്തനത്തിലെയും പദ്ധതിച്ചെലവിലെയും കുറവ് അടുത്ത സാമ്പത്തികവർഷം പരിഹരിച്ചിട്ടുണ്ട്.

## 1-48 ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല

2012 ലെ കേരള പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന മാർഗനിർദേശങ്ങൾ പ്രകാരമല്ല ഗ്രാമപഞ്ചായത്തിൽ നിർവഹണോദ്യോഗസ്ഥൻ ആയ അസി. എൻജിനീയർ കരാറുകാരുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നത്. ഈ മാന്വലിലെ യാതൊരു മാനദണ്ഡവും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറിലെ നാലാം നിബന്ധന പ്രകാരം കേരള ഡീറ്റയിൽഡ് സ്റ്റാന്റേഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് പ്രവൃത്തി നിർവഹിക്കേണ്ടത്. കാലഹരണപ്പെട്ട കരാർ മാതൃകയാണിത്.

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്കു കൂടി ബാധകമാക്കിയതിനാൽ ആയതിനനുസൃതമായിട്ടുള്ള കരാർ ഉടമ്പടികളിൽ നിർബന്ധമായും ഏർപ്പെടേണ്ടതാണ്.

## 1-49 തൊഴിലുറപ്പുപദ്ധതി

തൻവർഷം വരവ് വന്ന 14696750 രൂപയിൽ 14626845 രൂപയും ചെലവഴിച്ചിട്ടുണ്ട്. ജലസംരക്ഷണ പ്രവൃത്തികൾക്കാണ് പ്രധാനമായും പ്രാമുഖ്യം കൊടുത്തിട്ടുള്ളത്. ഇതുമൂലം നീരൊഴുക്ക് വർധിപ്പിക്കാനും മാലിന്യനിർമാർജനം നടത്തുവാനും കഴിഞ്ഞിട്ടുണ്ട്. ഇതിനായി 6826744 രൂപ ചെലവഴിച്ചു. സമഗ്രഭൂവികസനത്തിന്റെ ഭാഗമായി 3905104 രൂപയും ചെലവഴിച്ചു. ഇത് ഗുണഭോക്താക്കൾക്ക് വളരെയേറെ പ്രയോജനപ്പെടുകയുണ്ടായി. 1106776 രൂപയുടെ കട്ട നിർമാണം നടത്തിയതും പ്രത്യേകം പരാമർശമർഹിക്കുന്നു. സാധനസാമഗ്രികളുടെ ഇനത്തിൽ 1775342 രൂപയുടെ ചെലവുണ്ടായി. 213 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 211 എണ്ണവും നടപ്പാക്കി. 43 കുടുംബങ്ങൾക്കേ തൻവർഷം നൂറു ദിവസത്തെ പ്രവൃത്തി ലഭിച്ചിട്ടുള്ളൂ. പക്ഷേ അടുത്ത വർഷം ഇതിന്റെ പത്തിരട്ടിയിലേറെ പേർക്ക് നൂറ് ദിവസത്തെ പ്രവൃത്തി ലഭിച്ചിട്ടുണ്ട്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 270000 | പാലിയേറ്റീവ് കെയർ (S0019/20) | 186438 | 83562 |
| | 2018-19 | 400000 | അങ്കണവാടി അനുപൂരക പോഷകാഹാരം (S0034/20) | 400000 | 0 |
| | 2019-20 | 300000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് | 300000 | 0 |

| | | | | |
|---|---|---|---|---|
| | | പാലിന് സബ്സിഡി (S0034/20) | | |
| 2019-20 | 691038 | ലൈഫ് (ജനറൽ) (S0052/20) | 200000 | 391038 |
| 2019-20 | 1608720 | ലൈഫ് (s C) (S0054/20) | 1568801 | 39919 |
| 2018-19 | 300000 | പൊൻമാനിക്കടം-മുനയം റോഡ് മെറ്റലിംഗ് & ടാറിംഗ് (S0192/20) | 300000 | 0 |

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാനായിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഓണപ്പറമ്പ് സബ് സെന്ററിന് കുടിവെള്ള പൈപ്പ് കണക്ഷൻ (S0097/20) | 21901297/11.02.20 | 19000/- | |
| കേരള വാട്ടർ അതോറിറ്റി | അംഗൻവാടികൾക്ക് കുടിവെള്ള പൈപ്പ് കണക്ഷൻ (S0232/20) | 21901291/24.01.20 | 60000/- | |
| കേരള വാട്ടർ അതോറിറ്റി | 14-ാം വാർഡിൽ സുകന്യ അംഗൻവാടിയിലേക്ക് കുടിവെള്ള പൈപ്പ് കണക്ഷൻ (S0248/20) | ലഭ്യമല്ല./24.01.20 | 13000/- | |
| കെ.എസ്.ഇ.ബി | ഗോപിനാഥൻ റോഡിൽ തെരുവു വിളക്കുകൾക്ക് (S0113/20) | 21900658/23.10.19 | * 140100 | |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 21900774/28.11.19 | 54366 | 54366 |

*പ്രൊ. 113/20 പ്രകാരം ചെലവഴിച്ച തുക ബന്ധപ്പെട്ട ലെഡ്ജറിൽ വരവു വച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതുമൂലം വാർഷിക കണക്കുകളിലെ B - 18 പട്ടികയുമായി പൊരുത്തപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി (ഹഡ്കോ) | ലഭ്യമല്ല. | - | 10326805 | * 794117 | - | ** 9532688 |

* തൻവർഷത്തിൽ പ്രൊ. 242/20, 243/20 പ്രകാരം 573529/- രൂപയും 220588/- രൂപയുമാണ് കുറവു ചെയ്തത്. (ആകെ -794117/-)

** ലെഡ്ജറിൽ തെറ്റായി 1227988/- രൂപ കുറവു ചെയ്തു. അപാകത ഖ. 1/33 ൽ ചേർത്തിട്ടുണ്ട്. (AFS പ്രകാരം 909817/- രൂപയാണ് ബാലൻസ്)

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4072302 |
| തൻവർഷം നിക്ഷേപിച്ച തുക | 2799834 |
| ആകെ | 6872136 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6872136 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,02,45,713/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,32,65,796/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 304686 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-42 | 259625 | ശ്രീമതി. ജീന ഗോപിനാഥ്, ഫിഷറീസ് ഇൻസ്പെക്ടർ |
| 1-46 | 45061 | ഡോ. സജീവൻ കെ.എം., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| ആകെ | 304686 | |

**സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജീന ഗോപിനാഥ്, ഫിഷറീസ് ഇൻസ്പെക്ടർ | ആറാട്ടുപുഴ മത്സ്യഭവൻ, ആലപ്പുഴ | വൃന്ദാവൻ, വയാനകം, ഞാക്കനൽ, ഓച്ചിറ, കൊല്ലം |
| ഡോ. സജീവൻ കെ.എം., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പെരിഞ്ഞനം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, എലിഞ്ഞിപ്ര | കൊല്ലിക്കറ ഹൗസ്, പി. ഒ, ചെങ്ങാലൂർ 680312 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ടി.12-1868/04/ 11-05-15 |
| 1997-98 | എൽ.എഫ്.ടി.12-1867/04/ 13-05-15 |
| 1998-99 | എൽ.എഫ്.ടി.19-59/2001/ 05-03-01 |
| 1999-2000 (ചെലവ്) | എൽ.എഫ്.ടി.12-339/03/ 16-09-13 |
| 2000-01 (പദ്ധതി ചെലവ്) | എൽ.എഫ്.ടി.12-1402/03/ 03-11-03 |
| 1999-2000 (ചെലവ്) | എൽ.എഫ്.ടി.12-241/06/ 08-08-06 |
| 2000-01 (പദ്ധതി ചെലവ്) | എൽ.എഫ്.ടി.12-362/08/ 31-08-09 |
| 1999-2000 (വരവ്) | എൽ.എഫ്.ടി.12-241/06/ 08-08-06 |
| 2000-01 (വരവ് ചെലവ്) | എൽ.എഫ്.ടി.12-362/08/ 31-08-09 |
| 2001-02 | എൽ.എഫ്.ടി.12-363/08/ 31-08-09 |
| 2002-03 | എൽ.എഫ്.ടി.12-364/08/ 31-08-09 |
| 2003-04 | എൽ.എഫ്.ടി.12-365/08/ 31-08-09 |
| 2004-05 | എൽ.എഫ്.ടി.12-367/08/ 03-07-2010 |

| | |
|---|---|
| 2005-06 | എൽ.എഫ്.ടി.12-664/10/ 25-01-2011 |
| 2006-07 | എൽ.എഫ്.ടി.12-665/10/ 25-01-2011/11-04-2011 |
| 2007-08 | എൽ.എഫ്.ടി.(പി3)487/12 തി.31-08-12 |
| 2008-09 | എൽ.എഫ്.ടി.(പി3)488/12 തി.03-09-12. |
| 2009-10 | എൽ.എഫ്.ടി.(പി3)489/12 തി.31-08-12 |
| 2010-11 | എൽ.എഫ്.ടി.(പി3)490/12 തി.31-08-12/09-11-12 |
| 2011-12 | എൽ.എഫ്.ടി.(പി3)892/13 തി.19-09-13 |
| 2012-13 | എൽ.എഫ്.ടി.(പി3) 372/14 തി.05-07-14/08-08-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി3)182/16തി.10.02.16. |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി3)1275/16തി.29.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി3)1734/16തി.19.10.2016 |
| 2016-17 | നം. കെ.എസ്.എ-ടി.എസ്.ആർ(പി3)1409/2017 തീയതി: 23.09.2017/17.10.17 |
| 2017-18 | നം. കെ.എസ്.എ-ടി.എസ്.ആർ(പി3)491/2019 തീയതി: 15.6.19 |
| 2018-19 | നം. കെ.എസ്.എ-ടി.എസ്.ആർ(പി3)90/20 തീയതി: 23.01.20 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്